**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1468** **19-06-2024 - ൽ മറുപടിയ്ക്ക്**

**കാളം തിരുത്തി എം.ജി.എൽ.സി. സ്കൂൾ വീണ്ടും പ്രവർത്തിക്കുന്നതിനുള്ള അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ വീണ്ടും പ്രവർത്തിക്കുന്നതിനുള്ള അനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ഉത്തരവ് പുറപ്പെടുവിക്കുമെന്ന് അറിയിക്കാമോ; ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ബഹു. ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ കാളംതിരുത്തി എം.ജി.എൽ.സി.യുടെ പ്രവർത്തനം താൽക്കാലികമായി തുടരുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സമഗ്രശിക്ഷ വഴി ഒരു അധ്യാപികയുടെ സേവനം നൽകി വരുന്നുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം, സൗജന്യ പാഠപുസ്തകം, സൗജന്യ യൂണിഫോം എന്നിവയും നൽകിവരുന്നു. |
| (ബി) | പ്രസ്തുത സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നിയമസഭയിൽ അവതരിപ്പിച്ച സബ്മിഷന് മറുപടിയായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ എം.ജി.എൽ.സി. സ്കൂളും തൊട്ടടുത്തുള്ള പ്രൈമറി സ്കൂളും തമ്മിലുള്ള ദൂരം എത്രയാണെന്നതും അവിടെ പൊതുഗതാഗത സൗകര്യം ഇല്ലായെന്നതും പരാമർശിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; | (ബി) | കാളംതിരുത്തി എം.ജി.എൽ.സി. യിൽ നിന്നും 4 കി.മി. ദൂരത്തായി പ്രൈമറി സ്കൂൾ സ്ഥിതിചെയ്യുന്നതായും അവിടേയ്ക്കുള്ള ഗതാഗത സൗകര്യം സമഗ്ര ശിക്ഷ വഴി ഒരുക്കാമെന്നും അറിയിച്ചിരുന്നു. |
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്കൂൾ വീണ്ടും തുറന്ന് പ്രവർത്തിക്കുന്നതിനുള്ള തീരുമാനമെടുത്തിരുന്നോ; എങ്കിൽ ഈ തീരുമാനം നടപ്പിലാക്കാത്തതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ; | (സി) | കാളംതിരുത്തി എം.ജി.എൽ.സി. താൽകാലികമായി നിലനിർത്തുന്നതിന് തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം തുടർന്ന് വരുന്നു. |
| (ഡി) | കാളം തിരുത്തി എം.ജി.എൽ.സി. സ്കൂളിലുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ചുള്ള വിദ്യാർത്ഥികൾ ഉള്ളതും സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളതും സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനും ചുറ്റമതിൽ നിർമ്മിക്കുന്നതിനും സർക്കാർ ഫണ്ടുകൾ അനുവദിക്കുകയും ചെയ്ത മറ്റേതെങ്കിലും സ്കൂൾ എം.ജി.എൽ.സി. സ്കൂളുകൾ | (ഡി) | കാളംതിരുത്തി എം.ജി.എൽ.സി. യിലേതിന് സമാനമായ എണ്ണം കുട്ടികൾ ഉണ്ടായിരുന്ന മൂന്ന് എം.ജി.എൽ.സി.കൾ അടച്ചു പൂട്ടുന്നവയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നു. ആയതിൽ ഒരു എം.ജി.എൽ.സി. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിലും മറ്റ് രണ്ടെണ്ണം പഞ്ചായത്ത് കെട്ടിടത്തിലുമാണ് പ്രവർത്തിച്ചിരുന്നത്. |

| | | | |
|---|---|---|---|
| | അടച്ചു പൂട്ടുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (ഇ) | എം.ജി.എൽ.സി. സ്കൂളുകൾ അടച്ച് പൂട്ടുന്നതിനുള്ള ഉത്തരവിൽ കാളം തിരുത്തി എം.ജി.എൽ.സി. സ്കൂൾ ഉൾപ്പെട്ടതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ഇ) | 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എം.ജി.എൽ.സി. കളുടെ ഘടന, നിലനിൽപ്പ് തുടങ്ങിയവ പുന:പരിശോധിക്കേണ്ട സാഹചര്യത്തിലാണ് എം.ജി.എൽ.സി.കൾ നിർത്തലാക്കുവാൻ തീരുമാനിച്ചത്. സ്കൂളുകൾ ഹൈടെക് ആയി മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന സാഹചര്യത്തിൽ കുട്ടികളെ ഏകാധ്യാപക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നത് അവരുടെ സർവ്വതോമുഖമായ വികാസത്തിന് തടസ്സമാകുമെന്നതിനാലാണ് കൂടുതൽ സൗകര്യങ്ങളുള്ള സ്കൂളുകളിലേയ്ക്ക് കുട്ടികളെ മാറ്റുവാനും അതീവ ദുർഘട പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന നാല് എം.ജി.എൽ.സി.കൾ ഒഴികെയുള്ള എല്ലാ എം.ജി.എൽ.സി. കളും അടച്ചു പൂട്ടുവാനും തീരുമാനിച്ചത്. |
| (എഫ്) | തെരഞ്ഞെടുത്ത എം.ജി.എൽ.സി. സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചതിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ? | (എഫ്) | 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ എം.ജി.എൽ.സി. കളുടെ ഘടന, നിലനിൽപ്പ് തുടങ്ങിയവ പുന:പരിശോധിക്കേണ്ട സാഹചര്യത്തിലാണ് എം.ജി.എൽ.സി.കൾ നിർത്തലാക്കുവാൻ തീരുമാനിച്ചത്. സ്കൂളുകൾ ഹൈടെക് ആയി മികവിന്റെ കേന്ദ്രങ്ങളായി മാറുന്ന സാഹചര്യത്തിൽ കുട്ടികളെ ഏകാധ്യാപക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നത് അവരുടെ സർവ്വതോമുഖമായ വികാസത്തിന് തടസ്സമാകുമെന്നതിനാലാണ് കൂടുതൽ സൗകര്യങ്ങളുള്ള സ്കൂളുകളിലേയ്ക്ക് കുട്ടികളെ മാറ്റുവാനും അതീവ ദുർഘട പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന നാല് എം.ജി.എൽ.സി.കൾ ഒഴികെയുള്ള എല്ലാ എം.ജി.എൽ.സി. കളും അടച്ചു പൂട്ടുവാനും തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ